പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2875

13.03.2018 ൽ മറുപടിയ്ക്ക്

നെല്ല് സംഭരണത്തിന് സപ്ലൈകോയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന ആവശ്യം

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) നെല്ല് സംഭരണത്തിന്റെ ഭാഗമായി നെല്ല് തൂക്കി പണം നൽകുന്നതിനായി സപ്ലൈകോയുടെ മാനദണ്ഡം എന്താണ് ; വിശദാംശം നൽകുമോ; | (എ) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി മാനദണ്ഡ പ്രകാരം സംഭരിക്കുന്ന നെല്ല് നല്ല വ്യാപാര മൂല്യമുള്ളതും പാകമായി ഉണങ്ങിയതും ശുദ്ധമായതും പൂർണമായ പോഷക ഗുണമുള്ളതും ധാന്യങ്ങളുടെ വലിപ്പം, നിറം എന്നിവയിൽ സമാനതയുള്ളതും ദുർഗന്ധം, കീടബാധ, പൂപ്പൽ എന്നിവയിൽ നിന്ന് വിമുക്തമായിട്ടുള്ളതുമായിരിക്കണം. അപ്രകാരമുള്ള നെല്ല് സംഭരിച്ച് കർഷകർക്ക് പി.ആർ.എസ്. കൊടുക്കുകയും, ടി പി.ആർ.എസ്. കർഷകർ ബാങ്കിൽ ഹാജരാക്കുന്ന മുറയ്ക്ക് നെല്ലിന്റെ വില അക്കൗണ്ടിൽ ലഭ്യമാകുന്നതുമാണ്. |
| (ബി) ഈ മാനദണ്ഡം കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പൊതു മാനദണ്ഡമില്ലാതെ പല മില്ലുകാരും അവരുടെ താല്പര്യപ്രകാരമുള്ള കിഴിവ് ആവശ്യപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) കർഷകർ രേഖാമൂലം പരാതി നൽകിയിട്ടില്ല. എന്നിരുന്നാലും കിഴിവ് നൽകണമെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുള്ളതും ആയത് ചർച്ചയിലൂടെ യഥാസമയം പരിഹരിച്ചിട്ടുള്ളതുമാകുന്നു. |
| (ഡി) കുട്ടനാട്, അപ്പർ കുട്ടനാട് പാടശേഖരങ്ങളിലെ നെല്ലിന് തൂക്കം കുറവായതിനാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന കർഷകരുടെ ആവശ്യം പരിഗണിക്കുമോ? | (ഡി) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ